വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ വായ്പ ഇളവ് ലഭിച്ചവർ

36 (4091) ശ്രീ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലപ്പുറം ജില്ലയിലെ വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പലിശ, പിഴപ്പലിശ ഇനത്തിൽ ഇളവ് ലഭിച്ചവരുടെ പേരും പൂർണ്ണ മേൽവിലാസവും ഓരോരുത്തർക്കും നൽകിയ ഇളവ് സംഖ്യ എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

മലപ്പുറം ജില്ലയിലെ വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പലിശ, പിഴപ്പലിശ ഇനത്തിൽ ഇളവ് ലഭിച്ചവരുടെ പേരും പൂർണ്ണ മേൽവിലാസവും ഓരോരുത്തർക്കും നൽകിയ ഇളവ് സംഖ്യയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

നിർദ്ധനരായ വിധവകളുടെ വായ്പകൾ എഴുതിത്തള്ളാൻ നടപടി

37 (4092) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും നിർദ്ധനരായ വിധവകൾ എടുത്തിട്ടുള്ള വ്യക്തിഗത ലോണുകൾ എഴുതിത്തള്ളുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എത്ര തുകയ്ക്കുള്ള വായ്പകളാണ് ഇതിന്റെ പരിധിയിൽ വരിക എന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതു കാലയളവിൽ എടുത്ത വായ്പകൾക്കെല്ലാമാണ് ഈ ആനുകൂല്യം ലഭിക്കുക എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച ഉത്തരവ് ഉടനെ പുറപ്പെടുവിക്കുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അത്തരക്കാരുടെ നിർദ്ധനരായ വിധവകൾക്ക് ബാദ്ധ്യത ആയിട്ടുള്ള വായ്പകളിൽ കഴിയുന്നത്ര ഇളവുകൾ നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly